"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - തൃശ്ശൂർ സർക്കാർ ദന്തൽ കോളേജ് കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് RAB 08, 09 & Part, സെക്യൂർഡ് അഡ്വാൻസ് നം.5 എന്നിവയ്ക്കായി തുക റിലീസ് ചെയ്ത് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2505/2026/H&FWD തീയതി,തിരുവനന്തപുരം, 30-07-2026

---

പരാമർശം:-

1. സ.ഉ(സാധാ) നമ്പർ 1505/2022/ആകുവ തീയതി 24.06.2022.
2. സ.ഉ(സാധാ) നമ്പർ 202/2023/ആകുവ തീയതി 28.01.2023.
3. സ.ഉ(സാധാ) നമ്പർ 1005/2023/ആകുവ തീയതി 27.04.2023.
4. സ.ഉ(സാധാ) നമ്പർ 3762/2025/ആവ തീയതി 01.12.2025
5. സ.ഉ(സാധാ) നമ്പർ 233/2026/ആകുവ തീയതി 17.01.2026.
6. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 15.05.2026 തീയതിയിലെ PB2-216/2020/ ാെമ.വി.വ നമ്പർ കത്ത്.
7. സ.ഉ(സാധാ) നമ്പർ 5880/2026/ധന തീയതി 21.07.2026.

**ഉത്തരവ്**

തൃശ്ശൂർ സർക്കാർ ദന്തൽ കോളേജ് കെട്ടിടത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ₹36.73 കോടി രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരവും, ₹30,62,92,320/- (Excl.GST) രൂപയുടെ സാങ്കേതികാനുമതി പരാമർശം (2) പ്രകാരവും നൽകിയിരുന്നു. GST റേറ്റിൽ വന്ന വ്യതിയാനത്തെത്തുടർന്ന് ഭരണാനുമതി തുക ₹38,57,66,452/- രൂപയായി പരാമർശം (3) പ്രകാരം വർദ്ധിപ്പിച്ചുകൊണ്ട് പുതുക്കിയ ഭരാണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. 25.09.2023 ന് പ്രവർത്തനം ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ RAB 07 വരെയുള്ള തുകകൾ പരാമർശം (5) ലെ സർക്കാർ ഉത്തരവ് പ്രകാരം റിലീസ് ചെയ്തു നൽകുകയുണ്ടായി.

2. തുടർന്ന്, പരാമർശം (6) പ്രകാരം തൃശ്ശൂർ സർക്കാർ ദന്തൽ കോളേജ് രണ്ടാം ഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് RAB 08, 09 & Part, സെക്യൂർഡ് അഡ്വാൻസ് നം. 05 എന്നിവയ്ക്കായി ആകെ ₹3,36,11,098/-(മുന്ന് കോടി മുപ്പത്തി ആറു ലക്ഷത്തി പതിനൊന്നായിരത്തി തൊണ്ണൂറ്റി എട്ടു രൂപ മാത്രം) തൃശ്ശൂർ സർക്കാർ ഡെന്റൽ കോളേജിന്റെ "2210-05-105-45 (34-OC-3 OI)" ശീർഷകത്തിൽ നിന്നും ധന പുനർ വിനിയോഗം വഴി അനുവദിക്കണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. പരാമർശം (7) ലെ സർക്കാർ ഉത്തരവ് പ്രകാരം ₹2,03,52,000/- രൂപ തൃശ്ശൂർ

ദന്തൽ കോളേജിന്റെ "2210-05-105-45-34-OC-3OI" ശീർഷകത്തിൽ ധന പുനർവിനിയോഗം വഴി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ സർക്കാർ ദന്തൽ കോളേജ് രണ്ടാം ഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് RAB 08, 09 & Part, സെക്യൂർഡ് അഡ്വാൻസ് നം. 05 എന്നിവയ്ക്കായി ആകെ **₹3,36,11,098/-(മൂന്ന് കോടി മുപ്പത്തി ആറു ലക്ഷത്തി പതിനൊന്നായിരത്തി തൊണ്ണൂറ്റി എട്ടു രൂപ മാത്രം) രൂപ** തൃശ്ശൂർ ദന്തൽ കോളേജിന്റെ **"2210-05-105-45-34-OC-3OI"** ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപാ സുരേന്ദ്രൻ
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ, ഗവ. ദന്തൽ കോളേജ്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ(ഹെൽത്ത്-എ) വകുപ്പിന് ( 1597854/എച്ച് എൽ റ്റി-എ2/186/2020-ധന തീയതി 27.07.2026 പ്രകാരം )
ഡയറക്ടർ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( HEALTH-P2/195/2022-HEALTH )

ഉത്തരവിൻ പ്രകാരം
Digitally signed by
Gayathri G
Date: 31-07-2026
11:27:06
സെക്ഷൻ ഓഫീസർ